(സി) എത്ര വില്ലേജ് ഓഫീസുകൾക്കാണ് പുതിയ കെട്ടിടങ്ങൾ പണിതിട്ടുള്ളത്;

(ഡി) ഏത് ഗ്രൂപ്പ് വില്ലേജ് ഓഫീസുകളാണ് പുതുതായി വിഭജിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) 25 വില്ലേജുകളും 11 വില്ലേജ് ഓഫീസുകളുമാണ് നിലവിലുള്ളത്.

(സി) കുന്ദംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ പണിതിട്ടില്ല.

(ഡി) ഗ്രൂപ്പ് വില്ലേജ് സമ്പ്രദായം നിർത്തി ഓരോ വില്ലേജിനും പ്രത്യേക ഓഫീസാക്കി മാറ്റണമെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നതാണ്. സാമ്പത്തിക പ്രയാസം മൂലം കെട്ടിടനിർമ്മാണവും അധിക ജീവനക്കാരെ നൽകലും കഴിയുന്നില്ല. ഇത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

കരുവാൻതിരുത്തി വില്ലേജ് ഓഫീസ്

7 [1295] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവാൻതിരുത്തി വില്ലേജ് ഓഫീസിലെ സ്ഥലപരിമിതി മൂലം ജനങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള സ്ഥലത്തുനിന്നും വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യം ഇല്ലാത്തതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഈ ഓഫീസിന് പുതിയ കെട്ടിടം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര വില്ലേജ് ഓഫീസുകൾ കോഴിക്കോട് ജില്ലയിലുണ്ടെന്നും അവ ഏതെല്ലാം എന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ വില്ലേജ് ഓഫീസിന് അനുയോജ്യമായ മറ്റൊരു വാടകക്കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിലേക്ക് വില്ലേജ് ഓഫീസ് മാറ്റാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അന്വേഷിക്കുന്നുണ്ട്.

(ഡി) 24 വില്ലേജുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ പേര് താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

കോഴിക്കോട് താലൂക്ക്

1. ഫറോക്ക്	2. വളയനാട്
3. പുതുപ്പാടി	4. കക്കോടി
5. ചെലവൂർ	6. കോട്ടൂളി
7. പന്തീരാങ്കാവ്	8. പെരുവയൽ
9. പെരുമണ്ണ	10. കുറ്റികാട്ടൂർ
11. താരോത്ത്	12. മടവൂർ

കൊയിലാണ്ടി താലൂക്ക്

1. മൂടാടി	2. കൊഴുക്കല്ലൂർ
3. പയ്യോളി	4. തുറയൂർ
5. കൂരാച്ചുണ്ട്	6. അത്തോളി
7. ഉണ്ണികുളം	8. കിനാലൂർ

വടകര താലൂക്ക്

1. ചോറോട്	2. നടക്കു താഴെ
3. മണിയൂർ	4. ഏറാമല

ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവുകൾ

8 [1296] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly